

ഇടതുപക്ഷം വായിച്ചറിയാൻ

മാതൃഭൂമി ആഴ്ചപ്പതിപ്പ്

2001 ജൂൺ 24 - 30

1176 മിഥുനം 10 - 16 1923 ആഷാഢം 3 - 9

പുസ്തകം 79 ലക്കം 18 വില 8 രൂപ

വിഷയവിവരം

ലേഖനം

കവിത

കഥ

നോവൽ


പംക്തികൾ

ആനുകാലിക രാഷ്ട്രീയത്തെ വിമർശനാത്മകമായി വിലയിരുത്തുന്ന പുതിയ പംക്തി

മുഖചിത്രം:
ഫോട്ടോ: ബി. ചന്ദ്രകുമാർ

•

മാതൃഭൂമി ആഴ്ചപ്പതിപ്പ്
എം.എം. പ്രസ്സ്
ചെറൂട്ടി റോഡ്,
കോഴിക്കോട്-673001
ഫോൺ: 0495 - 765381
ഫാക്സ്: 0495 - 760138



കൂടിയാട്ടത്തിന്റെ സാമൂഹ്യപാഠം


കൂത്തിനെയും കൂടിയാട്ടത്തെയും ക്ഷേത്രത്തിനു പുറത്തു കൊണ്ടുവന്ന്
ജനകീയ കലയാക്കിയത് പൈങ്കുളം രാമചാക്യാരാണ്.
കൂടിയാട്ടത്തിനു ലഭിച്ച യുനെസ്കോ ബഹുമതി
രാമചാക്യാരുടെ സ്മരണയ്ക്കു മുന്നിലാണ് സമർപ്പിക്കേണ്ടത്



തൃശൂർ നാട്യഗൃഹത്തിൽ സൂരജ് നമ്പ്യാർ
അവതരിപ്പിച്ച കൂടിയാട്ടം



കൂടിയാട്ടത്തിൻെറ ഒരരങ്ങ്



പൈങ്കുളം രാമച്ചാക്യാർ

എൻ.പി. വിജയകൃഷ്ണൻ

കൂടിയാട്ടത്തിൻെറ പ്രസക്തിയും പ്രശസ്തിയും ലോകാന്തരങ്ങളിലേക്ക് വ്യാപിച്ചു തുടങ്ങിയിട്ട് കാലം ഏറെയായി. കഥകളിയേക്കാരം മൗലികത കൂടിയാട്ടത്തിൻെറ അരങ്ങിനും അഭിനയ സങ്കേതങ്ങരംക്കും മറ്റ് രാജ്യക്കാർ നല്കിപ്പോരുന്നുമുണ്ട്. പക്ഷേ, കേരളത്തിൽ കൂടിയാട്ടം ന്യൂനപക്ഷത്തിൻെറ കലയായിത്തന്നെ അവശേഷിക്കുന്നു. കൂടിയാട്ടം കാണാൻ എത്തുന്നവർ, അത് കണ്ടിരിക്കുന്നവർ, ആസ്വദിക്കുന്നവർ, ഉരംക്കൊള്ളുന്നവർ..... ഇങ്ങനെ ഈ കലയുടെ കാഴ്ചക്കാർ വ്യത്യസ്തരാണ്. കൂടിയാട്ടം അതിൻെറ സമഗ്രതയിൽ ഉരംക്കൊള്ളുന്നവരെ എണ്ണിപ്പറയാമെന്ന് അമ്മന്നൂർ മാധവ ചാക്യാർ ഒരു വർത്തമാനത്തിൽ പറയുകയുണ്ടായി. എന്നിട്ടും കേരളീയമായ ഈ പ്രാചീന സംസ്കൃത നാടകസംസ്കൃതിയോട് മലയാളിക്ക് ഉദാത്തമായ ആദരവുണ്ട്. കേരളീയർ കഥകളിയെ സ്നേഹിക്കുന്നു; കൂടിയാട്ടത്തെ ആദരിക്കുന്നു. വിദേശികളുടെ നിലയും വ്യത്യസ്തമല്ല. കേരളത്തിൽ ഏറ്റവുമധികം ഉൽകൃഷ്ട പുരസ്കാരങ്ങരം നേടിയ ക

ലാകാരൻ, ഏറ്റവും കുറച്ചു പേർ മാത്രം ആസ്വദിക്കുന്ന കലയുടെ അധിപനായ അമ്മന്നൂരാകുന്നു.

അമ്മന്നൂർ ചാച്ചുചാക്യാരും മാണിമാധവ ചാക്യാരും മാധവ ചാക്യാരും പൈങ്കുളം രാമചാക്യാരും കഴിഞ്ഞ നൂറ്റാണ്ടിൽ കൂടിയാട്ടരംഗത്തെ രാജശില്പികളായി വിരാജിച്ചു. എൺപത്തിനാല് തികഞ്ഞ അമ്മന്നൂരാണ് ഇന്ന് കൂടിയാട്ടത്തിന്റെ ആചാര്യൻ. ഈ നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ കൂടിയാട്ടം ഒരു ആഗോള പുരസ്കാരത്തിന്റെ പേരിൽ അംഗീകരിക്കപ്പെട്ടിരിക്കയാണ്. 'യുനെസ്കോ'യ്ക്കു മുൻപിൽ ഭാരതത്തിന്റെ കലാരൂപമായി കേരളീയകലയായ കൂടിയാട്ടമാണ് സമർപ്പിക്കപ്പെട്ടത്. അങ്ങനെ ഭൂലോകപടത്തിൽ കൂടിയാട്ടത്തിന്റെ സൗവർണശോഭ അങ്കനംചെയ്യപ്പെട്ടു കഴിഞ്ഞു. കലാപരമായ ഈ ദൗത്യത്തിനു പിന്നിൽ പരിശ്രമിച്ച സുമനസ്സുകൾക്ക് നന്ദി പറയുക. ഈ അംഗീകാരത്തിന്റെ ആഹ്ലാദവേളയിൽ നിശ്ചയമായും ഓർമിക്കേണ്ട ഒരു നാമധേയമുണ്ട്-കൂടിയാട്ടത്തിന്റെ നവോത്ഥാനശില്പി പൈങ്കുളം രാമചാക്യാർ. കൂടിയാട്ടത്തിന്റെ സാമൂഹ്യപാഠം രാമചാക്യാരിൽ നിന്ന് തുടങ്ങുന്നു.

തികച്ചും ക്ഷേത്ര കേന്ദ്രീകൃതമായിരുന്ന കൂടിയാട്ടത്തെ പരമ്പരയാ പുലർന്നുപോന്നിരുന്ന വംശീയവും അനുഷ്ഠാനപരവുമായ വിശ്വാസങ്ങളിൽ നിന്ന് മോചിപ്പിച്ച് പുറംലോകത്തിന്റെ പ്രകാശവും പരപ്പും കാണിച്ച കലാകാരനായിരുന്നു പൈങ്കുളം രാമ ചാക്യാർ. കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും വൈശിഷ്ട്യം ക്ഷേത്രമതിൽക്കെട്ടിനകത്ത് മാത്രം ഒതുങ്ങി നില്ക്കുന്നതിനെച്ചൊല്ലി ഖേദിച്ച, ജനകീയമായ ആസ്വാദനം. കൂടിയാട്ടത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കുമെന്ന് ദീർഘദർശനം ചെയ്ത ജോസഫ് മുണ്ടശ്ശേരിയുടെ നിരന്തര പ്രേരണ ഈ വിഷയത്തിൽ രാമചാക്യാർക്ക് പ്രചോദനമായിട്ടുണ്ട്. 1949-ൽ കൊട്ടാരക്കരയ്ക്കടുത്ത് തെക്കേക്കര മനയിൽവച്ച് മിഴാവും നമ്പ്യാരും താളവും നങ്ങ്യാരുമില്ലാതെ രാമചാക്യാർ കൂത്തു പറയുകയുണ്ടായി. കൂത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിനോടു ചെയ്ത അപരാധമായിട്ടാണ് ചില ചാക്യാന്മാരും നമ്പ്യാന്മാരും രാമചാക്യാരുടെ പ്രവൃത്തിയെ നിരീക്ഷിച്ചത്. അതിന്റെ പേരിൽ അവർ അദ്ദേഹത്തോടു കലഹിക്കുകയും ചെയ്തു. എന്നാൽ കലയെ ഉപാസിച്ചുകൊണ്ട് അതിലെ യാഥാസ്ഥിതികത്വത്തെ മറികടന്ന ശിഷ്യന്റെ ധീരതയെ ഗുരു ചാച്ചുചാക്യാർ അംഗീകരിച്ചു. ബ്രഹ്മാലയങ്ങളിലും കോവിലകങ്ങളിലും മാത്രം കൂത്തു പറഞ്ഞിരുന്ന ചാക്യാർ പൊതുവേദികളിലും പ്രവേശിച്ചുതുടങ്ങി. 1956ൽ കോഴിക്കോട്ടുവെച്ച് ആറു രാത്രികൾകൊണ്ട് 'സുഭദ്രാധനഞ്ജയം' കൂടിയാട്ടം അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി.



അമ്മന്നൂർ മാധവചാക്യാരും കെ.പി. നാരായണപിഷാരോടിയും

1972-ൽ ഡൽഹിയിലും 1975-ൽ ഉജ്ജയിനിയിലും രാമചാക്യാരുടെ നേതൃത്വത്തിലുള്ള സംഘം കൂടിയാട്ടം അവതരിപ്പിച്ചിട്ടുണ്ട്. ഈ കല ദൃശ്യപ്പെടുത്തുന്നതിലും അദ്ദേഹം നിസ്തുലമായ സഹകരണം നല്കുകയുണ്ടായി. കൂടിയാട്ടത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന പുരോഗമനപരമായ ഏതു ദൗത്യത്തിനു പിന്നിലും സഹകരിക്കാൻ അദ്ദേഹം താത്പര്യം കാണിച്ചു. ഫ്രാൻസിലും പോളണ്ടിലും നടന്ന ലോക നാടകമേളകളിൽ രാമചാക്യാരുടെ 'നിണമണിച്ചിൽ' പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ലോക നാടകവേദിക്ക് കേരളീയതയുടെ അനശ്വരമായ അഭിനയവൈപുല്യം ആദ്യമായി സമർപ്പിച്ചത് പൈങ്കുളമാണ്.

കലാമണ്ഡലത്തിൽ കൂടിയാട്ടം പഠനവിഷയമായി ഉൾപ്പെടുത്തിയപ്പോൾ അതിന്റെ തലവൻ രാമചാക്യാരായിരുന്നു. ഗുരുകുല രീതിയിൽ നിന്ന് സ്ഥാപനവത്ക്കരിക്കപ്പെട്ട കൂടിയാട്ടം അതിന്റെ നിഷ്ഠയിൽത്തന്നെ പുലരണമെന്ന് ചാക്യാർ സിദ്ധാന്തിച്ചു. പതിനഞ്ചു വർഷംകൊണ്ട് ഏഴു പേർ മാത്രമാണ് പഠനം പൂർത്തിയാക്കിയത്.

കൂടിയാട്ടത്തിന്റെ ആസ്വാദന സമൂഹത്തിൽ ബ്രാഹ്മണാധിപത്യം കുറയുന്നതും പുതിയൊരു കാഴ്ചക്കൂട്ടം ഉരുത്തിരിയുന്നതും രാമചാക്യാർ ശ്രദ്ധിച്ചിരുന്നു. കലാപഠനത്തിന് സമുദായഭേദമില്ലെന്ന് തിരിച്ചറിഞ്ഞ ആദ്യത്തെ ചാക്യാരും പൈങ്കുളമായിരുന്നു. ചാക്യാരുടെ മാത്രം അവകാശമായിരുന്ന പുരുഷവേഷത്തിനും നങ്ങ്യാരുടെ സാന്നിധ്യമായിരുന്ന സ്ത്രീവേഷത്തിനും കുലപ്പെരുമയുടെ ബലമില്ലാത്തവർ അഭ്യസിക്കാനെത്തി. ചാക്യാന്മാർ സ്ത്രീകളെ നേരിട്ട് പഠിപ്പിക്കുന്ന രീതിയും നിലവിലുണ്ടായിരുന്നില്ല. രാമചാക്യാർ അതിനും സന്നദ്ധനായി. കലാമണ്ഡലം ശിവൻ നമ്പൂതിരിയും, രാമചാക്യാരും ഗിരിജയും ശൈലജയും സതിയും ഇന്ന് കൂടിയാട്ടരംഗത്തെ അനിവാര്യതയാകുന്നതിന്റെ പിന്നിൽ പൈങ്കുളം രാമചാക്യാരുടെ നൂതന കലാസൗന്ദര്യശാസ്ത്രമുണ്ട്.

കലാമണ്ഡലത്തിൽ അധ്യാപകനായിരിക്കെ രാമചാക്യാർ ജടായുവധം രണ്ടാം ഭാഗം, കല്യാണ സൗഗന്ധികം ഉത്തരഭാഗം, നാഗാനന്ദം മൂന്നാമങ്കം, ഭഗവദജ്ജുകീയം, മായാസീതാങ്കം, സ്വപ്നവാസവദത്തത്തിലെ രണ്ട് അങ്കങ്ങൾ എന്നിവ ചിട്ടപ്പെടുത്തുകയും വിദൂഷകശ്ലോകങ്ങൾ രചിക്കുകയും അരങ്ങൊരുക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന വേഷങ്ങൾ ശിഷ്യർക്കു നല്കി സ്വയം മാറിനില്ക്കാനുള്ള വിശാലഹൃദയത്വവും ചാക്യാർക്കുണ്ടായിരുന്നു. കൂടിയാട്ട കിരീടങ്ങൾ കടഞ്ഞെടുക്കുന്നതു മുതൽ അതിന്റെ ആഹാര്യകാര്യങ്ങളിൽ വരെ കാലോചിതമായ പരിഷ്കരണം അദ്ദേഹം സാധിച്ചിട്ടുണ്ട്. സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാധാന്യമുള്ള കൂടിയാട്ടം അരങ്ങിൽ കൊണ്ടുവരാനും രാമചാക്യാർ ശ്രദ്ധിച്ചു. നങ്ങ്യാർകൂത്തിൽ ഇന്നു കാണുന്ന വേഷകല്പനയ്ക്കു പിന്നിലും രാമചാക്യാരുടെ ചിന്തയും പരീക്ഷണവുമുണ്ട്.

കൂടിയാട്ടം ഇന്ന് ലോകകലയായി അറിയപ്പെടുന്നതിനു പിന്നിൽ അതിന്റെ തുറന്ന കാഴ്ചയ്ക്കുള്ള വിപുല സന്നാഹങ്ങളൊരുക്കിയ രാമചാക്യാരുടെ ധീരതയും കർമവുമുണ്ട്. കൂടിയാട്ടത്തിനു ലഭിച്ച യുനെസ്കോ ബഹുമതി പൈങ്കുളം രാമചാക്യാരുടെ സ്മരണയ്ക്കു മുന്നിലാണ് സമർപ്പിക്കേണ്ടത്. ■

കലാമണ്ഡലം ശൈലജ

മികച്ച നങ്ങ്യാർകൂത്ത് കലാകാരി. കലാമണ്ഡലത്തിൽ അധ്യാപിക



ശൃംഗാരം



ഹാസ്യം



കരുണം



രൗദ്രം



വീരം



ഭയാനകം



ബീഭത്സം



അത്ഭുതം



ശാന്തം

ഫോട്ടോ: പവിത്രൻ അങ്ങാടിപ്പുറം